ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി കാരണം, ഇതിന് മുൻകാല പ്രാബല്യം നൽകിയിട്ടില്ല.

(ബി) നല്കിയിരുന്നു. എങ്കിലും നിലവിലുള്ള സാമ്പത്തിക പരിമിതി മൂലം ഇപ്പോഴത്തെ വർദ്ധനവിന് മുൻകാല പ്രാബല്യം നൽകുവാൻ നിർവ്വാഹമില്ല.

(സി) 1999-2000 വർഷത്തേയ്ക്ക് 7 ലക്ഷം രൂപയുടെ അധിക ചെലവ് വരും 1996-97 മുതൽ മുൻകാല പ്രാബല്യം നൽകണമെങ്കിൽ 21 ലക്ഷം രൂപ വേണ്ടിവരും.

സൈനിക സ്കൂൾ വാർഷികഫീസ് വർദ്ധിപ്പിച്ച നടപടി

141 (3018) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 അദ്ധ്യയന വർഷത്തിൽ സൈനിക സ്കൂൾ വാർഷിക ഫീസ് 11,000 രൂപയിൽ നിന്ന് 14,000 രൂപയായി വർദ്ധിപ്പിച്ചതിന് ആനുപാതികമായി സ്കോളർഷിപ്പ് തുക സർക്കാർ ഉയർത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ മുൻകാല പ്രാബല്യം നൽകുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 25-2-2000-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാരണം) 786/2000 പൊ. വി. വ. പ്രകാരം 1999-2000 മുതൽ സ്കോളർഷിപ്പ് തുക ആനുപാതികമായി ഉയർത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിലവിലുള്ള സാമ്പത്തിക പരിമിതിമൂലം, ഇതിന് മുൻകാല പ്രാബല്യം നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

സൈനിക സ്കൂൾ കേഡറ്റുകൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിലേയ്ക്കായി വരുമാനപരിധി ഉയർത്തി നിശ്ചയിക്കാൻ നടപടി

142 (3019) ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈനിക സ്കൂൾ കേഡറ്റുകൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിലേയ്ക്കായി രക്ഷകർത്താക്കളുടെ വരുമാന പരിധി അഞ്ചാം ശമ്പള കമ്മീഷൻ അനുസരിച്ച് ഉയർത്തി നിശ്ചയിക്കാൻ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് ഉത്തരവ് താമസിക്കുന്നതുകൊണ്ട് സ്കോളർഷിപ്പ് ലഭിക്കാതെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും വിഷമിക്കുന്നതിനാൽ ഇത് പരിഹരിക്കാൻ അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിന് മുൻപ്

LIBRARY ARCHIVES Kerala Legislative Assembly